# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 184

## (08.02.2016 ലെ മറുപടിക്ക്)

## പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം

ചോദ്യം — ഉത്തരം

ശ്രീ.റ്റി.വി.രാജേഷ് — ശ്രീ.ഉമ്മൻ ചാണ്ടി (ബഹു.മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ) | 27/1/2011 ന് ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് അറിയിക്കുമോ; | പഴയങ്ങാടി ട്രഷറി കെട്ടിടനിർമ്മാണം 27.01.2011 ൽ ഭരണാനുമതി നൽകിയതും എന്നാൽ ഇൻകെൽ ഉപേക്ഷിച്ചതുമായ പദ്ധതികളിൽ ഉൾപ്പെട്ടതാണ്. ഇൻകെൽ ഉപേക്ഷിച്ചതും പുതുതായി തുടങ്ങേണ്ടതുമായ പദ്ധതികൾ പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിനും ട്രഷറി കെട്ടിടനിർമ്മാണം സംബന്ധിച്ച് വസ്തുനിഷ്ഠമായി പഠിച്ച് ഈ സാമ്പത്തിക വർഷത്തിൽ ട്രഷറി കെട്ടിടനിർമ്മാണത്തിനായി ബജറ്റിൽ വകയിരുത്തപ്പെട്ട തുകയ്ക്ക് അനുസരിച്ച് കൃത്യവും വ്യക്തവുമായ ശുപാർശ ലഭ്യമാക്കാൻ ട്രഷറി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ഇതു വരെ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (ബി) | കെട്ടിടം നിർമ്മിക്കുന്നതിൽ നിന്നും ഇൻകെൽ പിൻമാറിയ സാഹചര്യത്തിൽ എന്തൊക്കെ തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | |

സെക്ഷൻ ഓഫീസർ